

# George Panjara ജോർജ്ജ് പാഞ്ഞാറ

(1938-2017)

An Eminent Poet-Composer of Christian Karnatic Classical music

## കൃതികൾ വന്ന വഴി

സുഹൃത്തുക്കൾ ഉപദേശിച്ചു - സംഗീത പഠനം നന്ന് പക്ഷെ വളർന്നു വരാൻ സാധ്യത ഇല്ലേയില്ല! ചെവിക്കൊണ്ടില്ല. കാരണം സംഗീതം എന്റെ ആത്മാവിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നു. മറ്റൊന്നും കൊണ്ടല്ല അവർ ഉപദേശിച്ചത്. വരും വരായ്കകൾ കണ്ടും, കെട്ടും, അറിഞ്ഞും തന്നെ. ക്രിസ്ത്യാനിയായ ഒരുവൻ സംഗീത വിദ്യയിൽ പ്രഗത്ഭനായാലും അവനെവിടെ അവന്റെ വിരുതുകൾ അവതരിപ്പിക്കും? സംഗീത മേഖലയത്രയും ഹൈന്ദവ പാരമ്പര്യ പ്രയോക്തമല്ലേ? വേദികൾ ക്ഷേത്ര പരിസരങ്ങളിലല്ലേ? ഒരു ക്ഷേത്ര മതിലിനകത്ത് ക്രൈസ്തവ നാമധാരിക്ക് പ്രവേശിക്കാമോ? പറ്റില്ല!. അതുകൊണ്ടു തന്നെ സംഗീത പ്രവർത്തനം ക്രിസ്ത്യാനി ചെയ്തുകൂടാ!. ഇതായിരുന്നു സുഹൃത്തുക്കളുടെ ന്യായം.

വാദം ആദരണീയം!. പക്ഷെ അതപ്പാടെ അംഗീകരിച്ചുകൊടുക്കാൻ എനിക്കായില്ല. മനസ്സില്ലായിരുന്നു എന്നതാവും ശരി. പ്രഗൽഭ്യാവതരണത്തിന് വേദി ലഭിച്ചില്ലെങ്കിൽ വേണ്ട, വിദ്യ ആർജിക്കാമല്ലോ!. അതായിരുന്നു അന്നെന്റെ വേദാന്തം. പിന്നെ കണ്ണുമടച്ചൊരു പോക്കായിരുന്നു.കല്ലും മുള്ളും ഏറെ ചവിട്ടി, കുണ്ടും കുഴിയും അനവധി താണ്ടി, കുന്നും മലയും കയറി കൂടി. ഒടുവിൽ സ്വയമൊന്നു പാടാമെന്നായി!. സ്ഥലമെവിടെ? പാട്ടു പടിച്ചു കഴിഞ്ഞപ്പോഴാണ് പാടാൻ ഇടം കിട്ടായ്മയുടെ വൈഷമ്യം ബോധ്യമായത്. അന്ന് വരെ-യുണ്ടായിരുന്ന ആർജ്ജതയും വ്യഗ്രതയും സലാം പറഞ്ഞ പ്രതീതി. പ്രകടിപ്പിക്കുവാനാ-യില്ലെങ്കിൽ വിദ്യയെന്തിന്? അതായി പ്രസക്തമായ വിഷയം. മതിൽക്കെട്ടില്ലാത്ത ക്ഷേത്രങ്ങളിലെ ഉത്സവക്കമ്മറ്റിക്കാരെത്തേടി നടപ്പായി. അവഹേളനങ്ങൾ, തിരസ്ക്കരണങ്ങൾ, പരിഹാസങ്ങൾ എല്ലാം ഏറ്റുവാങ്ങി. സംഗീതം പഠിക്കുവാൻ തോന്നിയ നിമിഷത്തെ സ്വയം ശപിച്ചു. എന്നിട്ടും പിന്മാറാൻ തോന്നിയില്ല. ഇടയ്ക്കു ഒന്ന് രണ്ടു അവസരങ്ങൾ വീണു-കിട്ടിയതു ഭാഗ്യം കൊണ്ടൊന്നുമായിരുന്നില്ല, ആത്മാഭിമാനം മറന്ന് കാലു പിടിച്ചിട്ടു തന്നെ!.

അവതരണങ്ങളിൽ മികവ് അപൂർണ്ണമായിരുന്നെങ്കിലും സഹൃദയർക്ക് ആഹ്ലാദം!. ചുരുക്കം അഭിനന്ദനങ്ങളും. മുൻപോട്ടു പോയാൽ നന്നാവും എന്ന് വിജ്ഞന്മാരുടെ പ്രോചോദനവും കൂടിയായപ്പോൾ പിന്നെ എന്തിനു തിരിഞ്ഞു നോട്ടം. അന്വേഷണം വിദ്യയിലും അവതരണത്തിലും അവിരാമം. വിദ്യക്ക് വിഷമമില്ല. അവതരണ സാധ്യത അത്രകണ്ട് മെച്ചമായുമില്ല.

അപ്പോഴാണ് ക്രൈസ്തവ പ്രമേയ പരാമർശിതങ്ങളായ സംഗീതകൃതികളുടെ പ്രസക്തി ചിന്താമണ്ഡലത്തിൽ ഒരു സൗദാമിനിപോലെ തിളങ്ങിയെത്തിത്. അവതരണയുക്തമായ കൃതികളില്ലാതെ ക്രൈസ്തവ വേദികളിൽ സംഗീതത്തിന് പ്രാമുഖ്യമില്ല എന്ന് പ്രലപിച്ചിട്ടു

കാര്യമെന്ത്? ഇടയ്ക്കുവെച്ചു നിന്നുപോയ ഹൈസ്കൂൾ ജീവിതകാലത്തുതന്നെ വേരൂന്നിയിരുന്നു കവിതാരചനയിൽ കമ്പം. അത് സംഗീതാന്വേഷണകാലത്തും അവിരാമം തുടരുകയായിരുന്നു. സാമാന്യം ഭേദപ്പെട്ട കവിതകൾ എന്റേതായി ആനുകാലികങ്ങളിൽ അടിച്ചു വന്നിരുന്നുതാനും. പക്ഷെ ആ തന്റേടമൊന്നും പുതിയ ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടിയായില്ല.

പള്ളി വേറേ, സ്രാങ്ക് വേറേ. കവിത വേറേ, സംഗീത കൃതി വേറേ. അതിനിത്തിരി പുളിക്കും...പിന്മാറിയില്ല. അങ്ങനെ ഒരു വാക്ക് എന്റെ ഡിക്ഷ്ണറിയിലില്ല. പക്ഷെ യാത്ര സുഗമമായിരുന്നില്ല. സ്വാതന്ത്രമായൊരു കൃതി രചിച്ചു പാടുക!, അത് സാധിക്കുമോ ഈ ജന്മം?!. വളരെ നാൾ മനസ്സിന്റെ മായാവിഭ്രമമായി ആ സ്വപ്നമങ്ങിനെ കയ്യെത്താദൂരത്തു നിൽക്കുകയായിരുന്നു.

ഇടയ്ക്കൊരാലോചന?. പ്രസിദ്ധങ്ങളായ സംഗീത കൃതികൾക്ക് ക്രൈസ്തവ പ്രമേയമെഴുതി നോക്കിയാലോ? ആത്മാഭിമാനത്തിന്റെ  കാര്യത്തിൽ അചഞ്ചലമായ എന്റെ മനസ്സ് വിലക്കി!. വേണ്ട. സാധിച്ചില്ലെങ്കിൽ സാധിച്ചില്ല. പാരഡി സാഹിത്യരചന വേണ്ട!.

കാലം പിന്നെയും നീങ്ങുകയായിരുന്നു. ലക്ഷ്യം അപ്പോഴും പ്രോജ്വലം. ലക്ഷ്യപ്രാപ്തിക്കെന്തു വഴി?. ഏതായാലും ശ്രമിച്ചുനോക്കുകയെന്നതേ വേണ്ടൂ.

ഒരിക്കൽ യാദൃശ്ചികമായാണ്പത്രത്തിൽ ഒരു വാർത്ത കണ്ടത്!. എഴുപതുകളിലായിരുന്നു എന്നാണോർമ്മ!. അന്ന് സംഗീത നാടക അക്കാദമി അധ്യക്ഷനായിരുന്ന ഗാനഗന്ധർവൻ യേശുദാസ് പ്രഖ്യാപിച്ച ഒരു കലോത്സവ പരിപാടി!. മത്സര ഇനങ്ങളിൽ മലയാളത്തിൽ കീർത്തനരചനയും!. പിന്നെ അമാന്തിച്ചില്ല!. അന്ന് രാത്രിയിൽ തന്നെ കീർത്തനം ഒന്നെഴുതിവച്ചിട്ടേ നിദ്രാദേവിയുടെ ആലിംഗനത്തിനു വഴങ്ങിയുള്ളു.

കീർത്തന രചനാ മത്സരത്തിനാകുമ്പോൾ അത് കഴിയുന്നത്ര ഉജ്ജ്വലമോ, അജയ്യമോ ഒക്കെയാകണമെന്നു ചിന്തിച്ചുപോകുമല്ലോ!. അതുകൊണ്ടു കൃതിക്ക് രാഗം രീതിഗൗളയെന്നു തീരുമാനമായി. അത്ര അസാധാരണമോ, അപൂർവ്വമോ അല്ലെങ്കിലും സാമാന്യക്കാരെക്കൊണ്ട് അനായാസം കടത്തിവെട്ടാൻപറ്റാത്ത ഒന്നാണെന്നൊരു തോന്നൽ!. കീർത്തനം സ്വരപ്പെടുത്തി, ഭയാശങ്കകളോടെ ആണെങ്കിലും 'പ്രഗത്ഭ സംഗീതാചാര്യനും മൃദംഗ വിദ്വാനും എന്റെ ഗുരുവിന്റെ മാതുലനുമായ ശ്രീ വൈയ്ക്കം ഭാസിയെന്ന കെ. ആർ. ഭാസ്കരൻ നായരെക്കാണിച്ചു. അദ്ദേഹമത് കൂലങ്കഷമായി പരിശോധിച്ചു.  'സാഹിത്യം കൊള്ളാം. സ്വരപ്പെടുത്തൽ പൂർണ്ണമായി മനസ്സിലാകുന്നില്ല. ഒന്ന് പാടികേൾക്കട്ടെ' എന്നായി. ഞാൻ മടിച്ചില്ല. പാടിക്കേൾപ്പിച്ചു. ആ നിഷ്ക്കളങ്ക നയനങ്ങളിൽ വിരിഞ്ഞ അത്ഭുതാനന്ദങ്ങൾ ഇന്നും ഞാൻ മറന്നിട്ടില്ല. 'നന്നായി! ബലേഭേഷ്! എന്താ ഇതിന്റെ ഉദ്ദേശ്യം?.. അദ്ദേഹത്തിന്റെ ചോദ്യം. ഞാൻ പറഞ്ഞു. 'അത് ശരി, മത്സരത്തിനയച്ചോളൂ, ഇതിൽ കവിഞ്ഞാരും ഇപ്പോൾ കീർത്തനമൊന്നും എഴുതാൻ പോണില്ല. സമ്മാനം കിട്ടും'. അദ്ദേഹത്തിന് സംശയമേയില്ല. എനിക്കും ഹൃദയം നിറഞ്ഞ ആഹ്ലാദം!. ഒരുപക്ഷെ മത്സത്തിൽ സമ്മാനം കിട്ടിയില്ലെങ്കിലെന്ത്! പ്രഗത്ഭനായ ഒരു സംഗീതാചാര്യന്റെ അഭിനന്ദനം കിട്ടിയല്ലോ!. ഇത്തരുണത്തിൽ ഒരു ചോദ്യം പ്രസക്തമാണ്. ഈ രചനാപരിശ്രമം എന്തുകൊണ്ട് ഗുരുവിനെ കാണിച്ചില്ല?. സത്യത്തിൽ ഭയം കൊണ്ട് തന്നെ!. ഗുരു ഗുരുവാണല്ലോ. ഭക്തിയുടെ പിന്നിലുള്ള ഒരു ഭയം!. അതിപ്പോഴും അങ്ങിനെ തന്നെ.

കൃതി അത് സംഗീതനാടക അക്കാദമി സെക്രട്ടറിയുടെ പേരിൽ അയച്ചു. ഫലമറിയാൻ കാത്തിരിപ്പ്. അതങ്ങനെ നീണ്ടു. മറ്റു മത്സരങ്ങളുടെ ഫലങ്ങൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. രചനാ മത്സരഫലം വന്നില്ല. പാപി ചെല്ലുന്നിടം പാതാളം എന്ന് പറഞ്ഞതു പോലെ ഞാനൊരു മത്സരത്തിൽ ചേർന്നതിന്റെ ഫലം മാത്രം വന്നില്ല. എന്താണിതിന്റെയർത്ഥം?. സെക്രട്ടറിക്ക് എഴുതി. പക്ഷെ മറുപടിയും മത്സരഫലം പോലെ തന്നെ!. എന്റെ അന്വേഷണം വഴിമുട്ടി. കൃതിരചന എന്ന സുന്ദരസങ്കൽപ്പവും!.

തോറ്റുകൊടുക്കുക എന്നത് എന്റെ രക്തത്തിനു ചേരില്ലെന്ന്   അറിയാമല്ലോ?. പക്ഷെ എന്താണ് വഴി?. സംഗീതനാടക അക്കാദമിവരെ ഒന്ന് പോയാലോ? പണം ചിലവിട്ടു തൃശൂർ വരെ ചെന്നിട്ടു അവിടെ ബന്ധപ്പെട്ടവരെ കാണാൻ കഴിയാതെ വന്നാലോ?.. ഒരുപക്ഷെ കണ്ടിട്ട് വിവരം അഹിതകരമാണെങ്കിൽ ആകെ പരിതാപകരമാകും. ആലോചന നീണ്ടുപോയി.

അങ്ങിനെ ഇരിക്കുമ്പോഴാണ് ഒരു വാർത്ത ചെവിയിൽ വീണത്. ഗാനഗന്ധർവൻ വൈക്കത് അയ്യർക്കുളങ്ങര ക്ഷേത്രത്തിൽ കച്ചേരിക്കെത്തുന്നു!. പെട്ടെന്ന് കാര്യം ശുഭമാകുമെന്നു തോന്നി. എങ്കിലും ആലോചിച്ചപ്പോൾ അങ്കലാപ്പ്. അവിടെ എങ്ങനെ കടന്നുചെല്ലും?. പ്രസിദ്ധ പിന്നണിഗായകനെ അടുത്തുകാണുവാൻ പോലും ആകാത്തവിധം തിരക്കാവും. എന്തുതന്നെയായാലും ഒരുകൈ നോക്കുക തന്നെ!. നോക്കി...കണ്ടു.. കേട്ടു.. ഫലവും കിട്ടി... അല്ല ഫലമൊന്നും ഇല്ല. കാരണം, എന്നോടൊപ്പം ആ മത്സരത്തിൽ പങ്കെടുക്കാൻ മറ്റാരുമുണ്ടായിരുന്നില്ല!. ആഹ്ലാദം തോന്നി. അല്ല!, അഭിമാനം തോന്നി. കീർത്തന രചനയ്ക്ക് മത്സരിക്കുവാൻ ആരുമില്ല പോലും!.

അതൊരുത്തേജനമായിരുന്നു. ആ ബലത്തിൽ ഉറച്ചുനിന്നു. രാഗങ്ങൾ മാറി മാറിപ്പരീക്ഷിച്ചു. കൃതികൾ അഞ്ചായി...പത്തായി...പതിനഞ്ചായി... ഇരുപതായി....നൂറായി...ഇരുന്നൂറിനും, മുന്നൂറിനും മേലെ!

<u>Extracts from his personal diary (1991)</u>